LIBRARY ARCHIVES Kerala Legislative Assembly

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 64.

(ബി) ആരംഭിച്ച വർക്കുകളിൽ 13 എണ്ണം പൂർത്തിയായി, ബാക്കി 51 എണ്ണം പൂർത്തിയാകാനുണ്ട്.

(സി) പൂർത്തിയായ വർക്കുകൊണ്ട് ഫലപ്രദമായി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ : കൊല്ലം ഡി. ഡി. സി. അംഗീകരിച്ച ലിസ്റ്റനുസരിച്ചാണോ ഈ വർക്കുകൾ നടത്തുന്നത് ?

ശ്രീ. ഈ. പി. പൗലോസ് : സാധാരണ, മൈനർ ഇറിഗേഷൻ വർക്കുകൾ, ഡി. ഡി. സി. യുടെ ശുപാർശപ്രകാരമാണ് നടത്തുന്നത്. അതിൽ നിന്നു വ്യതിചലിച്ചു വല്ല വർക്കും നടത്തിയിട്ടുണ്ടെങ്കിൽ പ്രത്യേകം പൂണ്ടിക്കാണിച്ചാൽ പരിശോധിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : ഡി. ഡി. സി. അംഗീകരിച്ച ലിസ്റ്റനുസരിച്ച് ഏതെങ്കിലും വർക്ക് നടപ്പാക്കാതെ വന്നാൽ, അതിന്റെ കാരണം എന്താണെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ രേഖപ്പെടുത്തി ഡി. ഡി. സി. ക്ക് സമർപ്പിക്കാൻ ഗവണ്മെന്റ് നിർദ്ദേശം നൽകുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഏതെങ്കിലും പ്രയാറിട്ടി നൽകി ചില പണികൾ നടത്തിയിരിക്കും. അല്ലാതെ അംഗീകരിച്ചിട്ടുള്ള പണി നടത്താതിരിക്കുന്നു എന്നു പറയുന്നതു ശരിയല്ല. പ്രയാറിട്ടി ലിസ്റ്റിനു വ്യത്യാസം വരുത്തി അവരുടെ ഇഷ്ടംപോലെ ചെയ്തിട്ടുള്ളതായി പ്രത്യേകം പരാതിപ്പെട്ടാൽ അന്വേഷിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : ആലപ്പുഴ ഡി. ഡി. സി. ഓരോ പഞ്ചായത്തിലും മൂന്നു വർക്കുകൾ വീതം നടത്താൻ ഒരു തീരുമാനം എടുത്തു. ഡി. ഡി. സി. അംഗീകരിച്ച വർക്കുകൾ നടത്താതെ, അംഗീകരിക്കാത്ത വർക്കുകൾ നടത്തിയിട്ടുള്ളതിനു എക്സിക്യൂട്ടീവ് എൻജിനീയരോട് സമാധാനം ആവശ്യപ്പെട്ടുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഏതു വർക്കാണ്, ഡി. ഡി. സി. അംഗീകരിക്കാത്തതു നടത്തിയിട്ടുള്ളതെന്നു വിവരം തന്നാൽ തീർച്ചയായിട്ടും അന്വേഷിക്കാം. ആലപ്പുഴ ഡി. ഡി. സി തീരുമാനിച്ച വർക്കുകൾ നടത്താതെ ചില ക്രമക്കേടുകൾ ഉള്ളതായി അറിഞ്ഞു, അവിടെ മൈനർ ഇറിഗേഷൻ വർക്കുകൾ പ്രത്യേകം ഡി. ഡി. സി യുടെ തീരുമാനം നോക്കി നടത്തണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. വിവരം തന്നാൽ പ്രത്യേകം അന്വേഷിക്കാം.

ഫസ്റ്റ്ഗ്രേഡ് റെസ്റ്റ്ഹൗസുകൾ

* 791. [9] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് എത്ര ഫസ്റ്റ്ഗ്രേഡ് റെസ്റ്റ്ഹൗസുകൾ ഉണ്ട് ;

(ബി) അവ ഏതെല്ലാം ;

(സി) ഈ റെസ്റ്റ്ഹൗസുകളിലെ സ്റ്റാഫുകൾക്ക് ഒരുപോലെയുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതു് ഏകീകരിക്കുന്നതിനു് ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് ബംഗ്ലാവുകൾ, റസ്റ്റ്ഹൗസുകൾ, ട്രാവലേഴ്സ് ബംഗ്ലാവുകൾ, ക്യാമ്പു ഷെഡ്ഡുകൾ മുതലായ സ്ഥാപനങ്ങളുടെ അവയിലെ സൗകര്യങ്ങൾ അടിസ്ഥാനമാക്കി ഇപ്പോൾ, ഒന്നാംക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവുകൾ, രണ്ടാംക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നു മൂന്നായി തരംതിരിച്ചിട്ടുള്ളതിൽ ഒന്നാം ക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവുകൾ പതിനേഴ് എണ്ണമുണ്ട്.

(ബി) അവ, വക്കല, കൊല്ലം, കോട്ടയം, പീരുമേട്, എടപ്പാളയം, മൂന്നാർ, ആലുവാ, ബോഡിഗാട്ടി, തൃശ്ശൂർ, ഗുരുവായൂർ, മലമ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിലെ ടൂറിസ്റ്റ് ബംഗ്ലാവുകളും, പൊന്മുടിയിലെ അപ്പർ സാനിട്ടോറിയം ബംഗ്ലാവ്, ലോവർ സാനിട്ടോറിയം ബംഗ്ലാവ്, പാലക്കാട്ടം, സുൽത്താൻ ബത്തേരിയിലും പണിതീർന്നുകൊണ്ടിരിക്കുന്ന പുതിയ ബംഗ്ലാവുകളും ആകുന്നു.

(സി) ഒന്നാംക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവുകളിലെ എല്ലാ സ്റ്റാഫുകൾക്കും ഒരുപോലെയുള്ള ശമ്പളവും ആനുകൂല്യങ്ങളും ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഡി. ദാമോദരൻ പോറ്റി : ടൂറിസ്റ്റ് ബംഗ്ലാവുകളും റസ്റ്റ് ഹൗസുകളും തരംതിരിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചാണോ ഈ തരംതിരിച്ചിരിക്കുന്നത് ?

ശ്രീ. പി. പി. ഉമ്മർകോയ : അതെ, കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ് ക്ലാസിഫിക്കേഷൻ നടത്തിയിട്ടുള്ളത്.

റബ്ബർകൃഷിക്ക് ഭൂമി പതിച്ചുകൊടുക്കൽ

* 792. [10] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർകൃഷിക്ക് ഭൂമി പതിച്ചുകൊടുത്തവർക്ക് ധനസഹായം ലഭിക്കുന്നതിന് ചുരുങ്ങിയത് ഇത്ര റബ്ബർ തൈ എങ്കിലും വച്ചുപിടിപ്പിക്കണമെന്ന നിബന്ധനയുണ്ടോ ;

(ബി) പതിച്ചുകൊടുത്ത സ്ഥലം പാറയായതുകൊണ്ടും പകരം ഭൂമി പതിച്ചുകൊടുക്കാത്തതുകൊണ്ടും നിബന്ധനപ്രകാരമുള്ള തൈകൾ വച്ചുപിടിപ്പിക്കാൻ സാധ്യമല്ലാത്തതു കാരണം വല്ലവർക്കും ധനസഹായം കൊടുക്കാതിരുന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഇക്കാര്യത്തിൽ വേണ്ടപ്പെട്ട അന്വേഷണങ്ങൾ നടത്തി അർഹതയുള്ളവർക്ക് കൂടി ധനസഹായം നൽകാൻ നടപടിയെടുക്കുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഉണ്ട്.

(ബി) ഗവണ്മെന്റ് അനുവാദം കൂടാതെ, ഏതാൻ ആളുകൾക്ക് പാറയുള്ള പകരമായി ഭൂമി റബ്ബർ പ്ലാന്റേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നു കൊടുക്കുകയുണ്ടായി. ഇങ്ങനെ പകരം ഭൂമി കൊടുക്കുന്നതു നിയമാനുസൃതമല്ല എന്നു ഗവണ്മെന്റു പിന്നീടു നിശ്ചയിക്കുകയും, അങ്ങനെ ലഭിച്ചവർ ആ ഭൂമി തിരിയെ ഏല്പിക്കുന്നതുവരെ, അങ്ങനെയുള്ളവർക്ക് ലോൺ കൊടുക്കേണ്ടതില്ലെന്നു നിശ്ചയിക്കുകയും ഉണ്ടായി. അങ്ങനെ 22 പേരുടെ ലോൺ തടഞ്ഞുവയ്ക്കുകയുണ്ടായി. അതിൽ 12 പേർ അധികഭൂമി തിരികെ ഏല്പിക്കുകയാൽ അവർക്ക് പിന്നീടു ലോൺ കൊടുക്കാൻ നിർദ്ദേശം നൽകി. ബാക്കി പത്തുപേർ മിച്ചഭൂമി തിരിയെ ഏല്പിക്കാത്തതുകൊണ്ട് അവർക്ക് ലോൺ കൊടുത്തിട്ടില്ല.

(സി) പാറയുള്ള പകരം കൊടുത്ത ഭൂമി, തിരിയെ ഏല്പിക്കുമ്പോൾ അങ്ങനെയുള്ളവർക്കും ലോൺ കൊടുക്കുന്നതാണ്.

മി. സ്പീക്കർ : 30—ാമത്തെ ചോദ്യത്തിന്റെ ഉത്തരംകൂടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly